**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **04-07-2022 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ തുറമുഖത്തെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായി ഇമിഗ്രേഷൻ പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് ആയി സ്ഥാപിച്ചത് തൊഴിലാളികളുടെ റെസ്റ്റ് ഷെഡ് ആയി നിർമ്മിച്ച കെട്ടിടമാണ്. പ്രസ്തുത കെട്ടിടം ഇമിഗ്രേഷൻ വകുപ്പിലെ FRRO പരിശോധന നടത്തുകയും, കെട്ടിടം തൃപ്തികരമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഇമിഗ്രേഷൻ വകുപ്പിന് ആവശ്യമായ ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഐ.എസ്.പി.എസ് കോഡ് നിലവിൽ വന്നതിന് ശേഷമേ ഇമിഗ്രേഷൻ ചെക്ക് പോയിന്റ് ആയി പ്രഖ്യാപിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | അഴീക്കൽ തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജല വിതരണം നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്തിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും മേൽതുക 31-3-2021 ന് സർക്കാർ resume ചെയ്തു. ടി തുക തിരികെ നല്കി പ്രവൃത്തി തുടരുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (സി) | 4 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ, നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | തൊഴിലാളികൾക്കുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | തൊഴിലാളികൾക്കുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ആയത് അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ